**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 297** **22-07-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിൽ ഫ്ളാറ്റ് നിർമ്മിക്കുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിലെ തഴക്കര ഗ്രാമ പഞ്ചായത്തിൽ കെയർ ഹോം രണ്ടാം ഘട്ട പദ്ധതിയിൽപ്പെടുത്തി ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള പദ്ധതി സഹകരണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തിയ റിപ്പോർട്ട് കൊല്ലം ടി.കെ.എം. എൻജിനീയറിംഗ് കോളേജിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആലപ്പുഴയിലെ CAPE എൻജിനീയറിംഗ് കോളേജ് പ്ളാനും, എസ്റ്റിമേറ്റും തയ്യാറാക്കി നൽകിയിട്ടുണ്ട്. തുടർ നടപടി ചർച്ച ചെയ്യുന്നതിനു ജില്ലാതല സാങ്കേതിക സമിതിയോഗം ചേർന്നു. പ്ലാനും എസ്റ്റിമേറ്റും ജില്ലാതല സാങ്കേതിക സമിതി അംഗീകരിക്കണമെങ്കിൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള, ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) ആവശ്യമാണെന്ന സാങ്കേതിക സമിതിയുടെ നിർദ്ദേശം അനുസരിച്ച് DPR തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. DPR തയ്യാറാക്കുന്നതിനുള്ള സങ്കേതിക സംവിധാനങ്ങൾ CAPE എൻജീനീയറിംഗ് കോളേജിൽ ഇല്ലാത്തതിനാൽ സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ആശയ വിനിമയം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പദ്ധതി പ്രവർത്തനം ഉടൻ ഏറ്റെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ